(4) ഉള്ളൂരിലെ സ്റ്റേറ്റ് സീഡ് ഫാമിൽ മൂന്ന് ഹെക്ടർ സ്ഥലത്ത് 3,11,250 രൂപ അടങ്കൽ തുകയുള്ള ഒരു ഔഷധസസ്യത്തോട്ടം സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 99,250 രൂപ ചെലവഴിച്ചു.

(5) മൂപ്പത് വിദ്യാലയങ്ങളിൽ 3 ഹെക്ടർ സ്ഥലത്ത് ഔഷധസസ്യ തോട്ടങ്ങൾ നടപ്പിലാക്കി. ഇതിനായി 99,000 രൂപ ചെലവഴിച്ചു.

(6) ഔഷധ സസ്യങ്ങൾക്കുള്ള ഒരു ഡാറ്റ ബാങ്ക് ആന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടി എടുത്തു. ഇതിനായി 41,500 രൂപ ചെലവാക്കിയിട്ടുണ്ട്. ഇതു കൂടാതെ 15 പ്രോജക്ടുകൾ മുൻകൂട്ടി തയ്യാറാക്കി കേന്ദ്ര ഔഷധ സസ്യ ബോർഡിന് അംഗീകാരത്തിനായി അയച്ചു കൊടുത്തിട്ടുണ്ട്. ഈ പദ്ധതി 2005 മുതൽ അഞ്ചു വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ നടപ്പാക്കുന്നു.

(ഡി) പ്രസ്തുത പദ്ധതികൾ കാര്യക്ഷമമായിട്ടാണ് നടപ്പിലാക്കിവരുന്നത്.

തെങ്ങും കമുകും സംരക്ഷിക്കാൻ നടപടി

61 [999] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ നാണ്യവിളകളായ തെങ്ങും കവുങ്ങും വൻതോതിൽ നശിച്ചു കൊണ്ടിരിക്കുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൃഷിനാശം കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ദീർഘകാല വിളകൾ നഷ്ടപ്പെടുമ്പോൾ അത്രതന്നെ വിളകൾ വീണ്ടെടുക്കുവാനും കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാനും ആവശ്യമായ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രോഗംമൂലം തെങ്ങും കമുകും നഷ്ടപ്പെടുന്നുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. കേരളത്തിൽ തെങ്ങിനെ ബാധിക്കുന്ന കാറ്റ് വീഴ്ച രോഗം കാരണം നാളീകേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 1996-ൽ നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിൽ രോഗത്തിന്റെ തീവ്രത തിരുവനന്തപുരം ജില്ലയിൽ 2 ശതമാനവും ആലപ്പുഴ ജില്ലയിൽ 48 ശതമാനവുമാണ്. തിരുവനന്തപുരം ജില്ല മുതൽ തൃശ്ശൂർ ജില്ല വരെയും മറ്റ് ജില്ലകളിൽ ഒറ്റപ്പെട്ടും കാറ്റ് വീഴ്ച രോഗം കണ്ടുവരുന്നു. ഇതിനുപുറമേ മണ്ഡരി ബാധയും കൂമ്പുചീയൽ രോഗവും കേരളത്തിലെ തെങ്ങു കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 1997-ലെ കണക്കനുസരിച്ച് കാറ്റ് വീഴ്ച രോഗം കാരണം പ്രതിവർഷം നാളീകേര ഉൽപ്പാദനത്തിൽ ഏതാണ്ട് 300 കോടി രൂപയുടെ നഷ്ടമുണ്ടാക്കുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തെങ്ങിലെ കാറ്റ് വീഴ്ച രോഗം പോലെ തന്നെ ഗുരുതരമാണ് കവുങ്ങിന്റെ മഞ്ഞളിപ്പ്. കേരളത്തിൽ 9542 ഹെക്ടർ സ്ഥലത്ത് മഞ്ഞളിപ്പ് രോഗം കണ്ടുവരുന്നു. ഇതിൽ 3815 ഹെക്ടറിൽ തീവ്രമായ മഞ്ഞളിപ്പാണ് കണ്ടുവരുന്നത്. രോഗം ബാധിച്ച കമുക് 6-8 വർഷംകൊണ്ട് പൂർണ്ണമായി നശിക്കും. കണ്ണൂർ ജില്ലയിലാണ് മഞ്ഞളിപ്പ് രോഗം ഏറ്റവും കൂടുതൽ കണ്ടുവരുന്നത്. മേൽപ്പറഞ്ഞ രോഗങ്ങൾ കാരണമുണ്ടായ ഉൽപ്പാദനക്കുറവ് കേരളത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) ആവിഷ്ക്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

തോട് സംരക്ഷണം

62 [1000] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട് തകർച്ച കാരണം കൃഷിക്ക് വരുന്ന നാശനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തോട് സംരക്ഷണത്തിനുവേണ്ടി കൃഷി വകുപ്പിന് കീഴിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദീകരിക്കാമോ ;

(സി) കണ്ണൂർ ജില്ലയിൽ തോട് സംരക്ഷണത്തിനുവേണ്ടി 2005-06 വർഷത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ ;

(ഡി) പെരിങ്ങളം നിയോജക മണ്ഡലത്തിലെ ഏതൊക്കെ തോടുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്., ദേശീയ നീർമറി പദ്ധതി എന്നീ പദ്ധതികളിൻകീഴിൽ തോട് സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) 2005-06 വർഷത്തിൽ, കണ്ണൂർ ജില്ലയിൽ തോട് സംരക്ഷണത്തിനുവേണ്ടി മാത്രം പദ്ധതികൾ നടപ്പിലാക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കർഷകർക്കായി ക്ഷേമനിധി

63 [1001] ശ്രീ. കെ. സി. ജോസഫ് :
„ കെ. മുഹമ്മദാലി :
„ ജോർജ് ജെ. മാത്യു :
„ ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കുവേണ്ടി ഒരു ക്ഷേമനിധിയുണ്ടാക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—X

16-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത 61 [999]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

ദീർഘകാല വിളകൾ നഷ്ടപ്പെടുമ്പോൾ അത്തരം വിളകൾ വീണ്ടെടുക്കുവാനും കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാനും സർക്കാർ സ്വീകരിച്ച നടപടികൾ താഴെ പറയുന്നവയാണ്:

(എ) **നാളികേരം**

(a) മലബാർ മേഖല കാറ്റുവീഴ്ച രോഗവിമുക്ത മേഖലയായി മാറുന്നതിന്റെ ഭാഗമായി 2500 രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി. (സംസ്ഥാന പ്ലാൻ പദ്ധതി)

(b) നാളികേര വികസന ബോർഡിന്റെ പദ്ധതി പ്രകാരം തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ 4,55,000 കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി.

(c) നാളികേര ടെക്നോളജിമിഷൻ പദ്ധതിപ്രകാരം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ 6,89,011 കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ (തെങ്ങൊന്നിന് സഹായ ധനമായി 250 രൂപ തോതിൽ) വെട്ടിമാറ്റി. 3,28,592 നല്ലയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്തു.

(d) കൂമ്പുചീയൽ രോഗ പ്രതിരോധം.—ഈ രോഗം രൂക്ഷമായി കണ്ടുവരുന്നു. കോഴിക്കോട് ജില്ലയിലെ മലയോര പ്രദേശങ്ങളിൽ ഇതിന്റെ നിയന്ത്രണ ത്തിനായി സർക്കാർ, നാളികേര വികസന ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ആദ്യഘട്ടമായി 925 ഹെക്ടർ സ്ഥലത്ത് തെങ്ങിന്റെ പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ചുവരുന്നു. രോഗം ബാധിച്ച് പൂർണ്ണമായി നശിച്ച തെങ്ങുകൾ വെട്ടിമാറ്റുക, രോഗം ബാധിച്ച തെങ്ങുകളിൽ മരുന്നുതളി സംയോജിത വളപ്രയോഗം, നല്ലയിനം തൈകൾ നടുക, ഇടവിളകൾ വച്ചുപിടിപ്പിക്കുക എന്നീ പ്രവർത്തികൾ നടപ്പിലാക്കും.

(e) കാറ്റുവീഴ്ച രോഗത്തിന്റെ നിവാരണത്തിനായി 1924 കോടി രൂപയുടെ ഒരു ബൃഹദ് പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ തീവ്രമായി കാറ്റുവീഴ്ചരോഗം ബാധിച്ച തെങ്ങുകളുടെ വെട്ടിമാറ്റൽ, നല്ലയിനം തെങ്ങിൻ തൈകൾ ഉപയോഗിച്ച് പുനർ നടീൽ, ജലസേചനത്തിന് കിണർ, പമ്പുസെറ് എന്നിവ സ്ഥാപിക്കൽ മുതലായവയാണ് പ്രധാന ഘടകങ്ങൾ. ഈ പദ്ധതി പ്ലാനിംഗ് കമ്മീഷൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

GPM. 2/153/2013—45

LIBRARY ARCHIVES Kerala Legislative Assembly

(f) മണ്ഡരി കീട നിയന്ത്രണം.—മണ്ഡരി കീട നിയന്ത്രണത്തിന്റെ ഭാഗമായി 2002-03-ൽ 31,07,859 തെങ്ങുകളിലും 2003-04-ൽ 22,63,076 തെങ്ങുകളിലും മരുന്നു തളിച്ചു. 2004-05 വർഷത്തിൽ അഗ്രോ-ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖേന 97,88,029 തെങ്ങുകളിൽ നാളിതുവരെ മരുന്ന് തളിച്ചുകഴിഞ്ഞു. വേപ്പ് അധിഷ്ഠിതമായ അസാഡിറാക്ടിൻ എന്ന ജൈവ കീടനാശിനിയാണ് ഉപയോഗിച്ചുവരുന്നത്.

(ബി) കമുക്

(a) മാക്രോ മാനേജ്മെന്റ് പദ്ധതിപ്രകാരം (90% കേന്ദ്രാവിഷ്കൃതം) 219 ലക്ഷം രൂപയുടെ ഒരു പദ്ധതി കമുകിലെ മഞ്ഞളിപ്പ് രോഗത്തിന്റെ നിവാരണത്തിനായി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 54000 രോഗം ബാധിച്ച കമുകുകളുടെ വെട്ടിമാറ്റൽ 22000 ഹെക്ടറിൽ നല്ല പരിചരണം അവലംബിക്കുക മുതലയാവ നടപ്പിലാക്കിവരുന്നു.

(b) മഞ്ഞളിപ്പ് രോഗത്തിന്റെ നിവാരണത്തിനുവേണ്ടി 49.55 കോടി രൂപയുടെ ഒരു ബൃഹദ് പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly